**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 914** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസം നേടിയ തൊഴിൽരഹിതരായ പട്ടികവിഭാഗക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയ പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | **മുൻവർഷങ്ങളെ അപേക്ഷിച്ച് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പടെയുള്ള ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികവിഭാഗക്കാർക്കിടയിലുള്ള തൊഴിൽ രഹിതരുടെ എണ്ണം വർധിച്ചുവരുന്നുണ്ട്. ആഗോളതലത്തിൽ നിലനിന്നിരുന്ന തൊഴിലില്ലായ്മപോലുള്ള പ്രശ്നങ്ങൾ അഭ്യസ്തവിദ്യരായ പട്ടികവിഭാഗക്കാർക്കിടയിൽ ഉണ്ടാകുന്നുണ്ടെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ഇതിന്റെ അളവ് കുറക്കുന്നതിന് സാധിച്ചിട്ടുണ്ട്.** |
| (ബി) | ഇവർക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃതപരിശീലന സ്ഥാപനങ്ങൾ വഴി നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ചുവടെ പരാമർശിക്കും പ്രകാരം ആധുനിക തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടത്തി വരുന്നുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>സ്വയംതൊഴിൽ പദ്ധതി<br><br>സ്റ്റാർട്ട്അപ്പ് ഡ്രീംസ്<br><br>നൈപുണ്യ വികസന പരിശീലനങ്ങൾ |

| | | | |
|---|---|---|---|
| | | | സ്വാശ്രയ സംഘങ്ങൾക്കും, വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.<br><br>പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ<br><br>ലക്ഷ്യ സ്കോളർഷിപ്പ്.<br><br>വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള സാമ്പത്തിക സഹായം.<br><br>വിംഗ്സ് പദ്ധതി.<br><br>TRACE(Training for Career Excellence) പദ്ധതി<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ.<br><br>ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ.<br><br>ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ.<br><br>ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ.<br><br>നിർമ്മാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ.<br><br>അഭിഭാഷക ധനസഹായ പദ്ധതി.<br><br>പൈലറ്റ് പരിശീലന ധനസഹായ പദ്ധതി.<br><br>സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി.<br><br>ട്രൈബൽ പാരാമെഡിക്സ് ട്രെയിനി പദ്ധതി.<br><br>ഉന്നതി - വിദേശ പഠന സഹായ പദ്ധതി.<br><br>സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ, സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി എഞ്ചിനിയറിംഗ് ബിരുദധാരികളായ അക്രെഡിറ്റഡ് എഞ്ചിനീയർമാരെയും വകുപ്പിൽ നിയമിച്ച പരിശീലനം നൽകി വരുന്നു. |
| (സി) | പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | പര്യാപ്തമായതിനാൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ